"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - സൗത്ത് എഴിപ്പുറം ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) ആയ ശ്രീമതി. ജെസ്ന. പി ജെയുടെ ശൂന്യവേതനാവധി അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2370/2022/GEDN    തീയതി,തിരുവനന്തപുരം, 12-04-2022

---

പരാമർശം:-

1. സൗത്ത് എഴിപ്പുറം ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പാർട്ട് ടൈം ലാംഗ്വേജ് ടീച്ചർ (അറബിക്) ആയ ശ്രീമതി. ജെസ്ന. പി ജെയുടെ ശൂന്യവേതനാവധി അപേക്ഷ
2. 06/08/2021 ലെ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ എ3/11668/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സൗത്ത് എഴിപ്പുറം ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പാർട്ട് ടൈം ലാംഗ്വേജ് ടീച്ചർ (അറബിക്) ആയ ശ്രീമതി. ജെസ്ന. പി ജെ പരാമർശം 1 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിരുന്നു

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി ജസ്ന.പി.ജെ. പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (അറബിക്) ടീച്ചർ തസ്തികയിൽ 15.07.2021 ൽ സേവനമാരംഭിച്ചതായി കാണുന്നു. ലഭ്യമായിട്ടുള്ള കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ടിയാൾ ഫുൾ ടൈം റിസേർച്ച് സ്കോളർ ആണ്. 2020 സെപ്റ്റംബർ മുതൽ ഗവേഷണം തുടരുന്നു. 16.07.2021 മുതൽ 16.07.2024 വരെ മൂന്ന് വർഷത്തേയ്ക്കാണ് അവധി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാളുടെ സേവനകാലം രണ്ടു വർഷത്തിൽ താഴെയാണ്. രണ്ടു വർഷത്തിൽ താഴെ തുടർച്ചയായ സേവന കാലയളവുള്ള പാർട്ട് ടൈം അധ്യാപകർക്ക് 08.10.2015 ലെ സ.ഉ.(കൈ) നം. 269 / 2015 / പൊ വി വ പ്രകാരം രണ്ട് വർഷം മാത്രമേ ശൂന്യവേതനാവധി അനുവദിക്കാനാകൂ. മേൽ സാഹചര്യത്തിൽ 16.07.2021 മുതൽ 16.07.2024 വരെ മൂന്ന് വർഷത്തേയ്ക്കുള്ള ശൂന്യവേതനാവധി

അനുവദിക്കാനാകുകയില്ല.

മേൽ സാഹചര്യത്തിൽ സൗത്ത് എഴിപ്പുറം ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പാർട്ട് ടൈം ലാംഗ്വേജ് ടീച്ചർ (അറബിക്) ആയ ശ്രീമതി. ജെസ്ന. പി ജെ പരാമർശം 1 പ്രകാരം സമർപ്പിച്ച ശൂന്യവേതനവധി അപേക്ഷ നിരസിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

വിദ്യാഭ്യാസ ഉപ ഡയറക്ടർ, എറണാകുളം.

ശ്രീമതി ജസ്ന.പി.ജെ. ,പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് (അറബിക്) ടീച്ചർ, ഗവ.ഹയർ സെക്കന്ററി സ്കൂൾ, സൗത്ത് എഴിപ്പുറം

ഹെഡ്മിസ്ട്രസ്, ഗവ.ഹയർ സെക്കന്ററി സ്കൂൾ, സൗത്ത് എഴിപ്പുറം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 12-04-2022 11:50:15**
സെക്ഷൻ ഓഫീസർ